**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5818** **16-03-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ (പരിയാരം) 2022-23 വർഷത്തെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളിലെ 5.00 കോടി രൂപയിൽ താഴെയുള്ള പദ്ധതികൾക്ക് ഡയറക്ടർ തലത്തിൽ ഭരണാനുമതി നൽകാനും, 5 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികളും, ക്യാപ്പിറ്റൽ ശീർഷകത്തിലുള്ള പദ്ധതികളും സർക്കാർ തലത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് ഭരണാനുമതി നൽകാനും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ഡയറക്ടർ തലത്തിൽ കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ (പരിയാരം) ഇതുവരെ ഭരണാനുമതി നൽകിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1)കോളേജ് ലേഡീസ് ഹോസ്റ്റൽ രണ്ടാം നിലയുടെ നിർമാണപ്രവൃത്തി (പിഡബ്ല്യൂഡി മുഖേന ചെയ്യുന്നത്) - 200.00 ലക്ഷം രൂപ<br><br>2) രോഗനിദാനം, അഗദതന്ത്ര വകുപ്പുകളിലെ മ്യൂസിയത്തിന്റെ നവീകരണവും അഗദതന്ത്ര ട്യൂട്ടോറിയൽ റൂമിന്റെ അറ്റകുറ്റപ്പണികളും - 08.82 ലക്ഷം രൂപ<br><br>3) നേഴ്സ് ക്വാർട്ടേഴ്സിന്റെ സംരക്ഷണ അറ്റകുറ്റപ്പണികൾ - 10.50 ലക്ഷം രൂപ<br><br>4)വിവിധ വകുപ്പുകളിലേക്ക് ആവശ്യമായ മൈനർ ഉപകരണങ്ങൾ വാങ്ങൽ - 16.44 ലക്ഷം രൂപ<br><br>5) വിവിധ വകുപ്പുകളിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ വാങ്ങൽ - 15.50 ലക്ഷം രൂപ<br><br>6) കോളേജ് ലൈബ്രറിയിലേക്കും വിവിധ വകുപ്പ് ലൈബ്രറികളിലേക്കും പുസ്തകങ്ങൾ, ജേർണലുകൾ എന്നിവ വാങ്ങൽ - 12.10 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | 7) വിവിധ വകുപ്പുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങൽ - 14.00 ലക്ഷം രൂപ<br><br>8) സി.സി.ഐ.എം സന്ദർശന ഫീസ്, ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷൻ ഫീസ്-15.77 ലക്ഷം രൂപ<br><br>9) സെൻട്രൽ റിസർച്ച് ലാബ് കെട്ടിട നിർമ്മാണത്തിന് അടയ്ക്കാനുള്ള ബാക്കി തുക - 29.50 ലക്ഷം രൂപ<br><br>10) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് റാംപ് നിർമ്മാണം - 13.01 ലക്ഷം രൂപ<br><br>11) ആശുപത്രിയിലേക്ക് അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ വാങ്ങൽ - 22.14 ലക്ഷം രൂപ<br><br>12) കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി പേവാർഡിലേക്ക് ഫർണിച്ചറുകളും മറ്റ് സാമഗ്രികളും വാങ്ങൽ - 22.00 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ